സംഘാടക സമിതി

പേരൂർക്കട

കെഎസ്ആർടിസി പേരൂർക്കട ഡിപ്പോ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് സിഐടിയു നേതൃത്വത്തിൽ ചൊവ്വാഴ്ച ഡിപ്പോയ്ക്കു മുന്നിൽ നടത്തുന്ന മനുഷ്യച്ചങ്ങലയും ഡിപ്പോ സംരക്ഷണ സദസ്സും വിജയിപ്പിക്കുന്നതിന് സംഘാടക സമിതി രൂപീകരികരിച്ചു. സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം ഇ ജി മോഹനൻ ഉദ്ഘാടനം ചെയ്തു. വി ശാന്തകുമാർ അധ്യക്ഷനായി. പി എസ് ജയചന്ദ്രൻ, സി വേലായുധൻനായർ, എ ജി ശശിധരൻ, ചാന്നാൻവിള മോഹനൻ, എ അജ്മൽ ഖാൻ എന്നിവർ സംസാരിച്ചു. സദസ്സ് ചൊവ്വാഴ്ച വൈകിട്ട് നാലിന് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യും.

വനിതാ കൺവൻഷൻ

തിരുവനന്തപുരം

കെഎസ്കെടിയു തിരുവനന്തപുരം ജില്ലാ വനിതാ കൺവൻഷൻ യൂണിയൻ അഖിലേന്ത്യ വൈസ് പ്രസിഡന്റ് കെ കോമളകുമാരി ഉദ്ഘാടനം ചെയ്തു. കെ അംബിക അധ്യക്ഷയായി. വനിതാ ഗുസ്തിതാരങ്ങളെ അപമാനിച്ച ബിജെപി എംപിയും ഗുസ്തി ഫെഡറേഷൻ പ്രസിഡന്റുമായ ബ്രിജ് ഭൂഷണെ അറസ്റ്റ് ചെയ്യണമെന്ന് കൺവൻഷൻ ആവശ്യപ്പെട്ടു. ഷേർളി കുമാർ, ഷിനി, ചന്ദ്രമതി ടീച്ചർ, കെഎസ്കെടിയു സംസ്ഥാന ജനറൽ സെക്രട്ടറി എൻ ചന്ദ്രൻ, അഖിലേന്ത്യ കർഷക തൊഴിലാളി യൂണിയൻ വർക്കിങ് കമ്മിറ്റി അംഗം ഒ എസ് അംബിക, കെഎസ്കെടിയു ജില്ലാ സെക്രട്ടറി കെ ശശാങ്കൻ, പ്രസിഡന്റ് എ ഗണേശൻ സംസാരിച്ചു. ഷേർളി കുമാർ (കൺവീനർ). ഉഷാകുമാരി, ഷിനി, ബീന (ജോയിന്റ് കൺവീനർമാർ).

വിദ്യാധി രാജ ശ്രീചട്ടമ്പിസ്വാമി ഗ്ലോബൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ജീവകാരുണ്യ പ്രവർത്തകനുള്ള പുരസ്കാരം നേടിയ ജി രാധാകൃഷ്ണൻ. പുണ്യം ചാരിറ്റബിൾ സൊസൈറ്റി ജനറൽ സെക്രട്ടറിയും പൂജപ്പുര യുവജന സമാജം ഗ്രന്ഥശാല, പൂജപ്പുര ഉണ്ണിനഗർ റെസിഡന്റ്സ് അസോസിയേഷൻ എന്നിവയുടെ പ്രസിഡന്റുമാണ്

■ ഇന്നത്തെ പരിപാടി

- **എ കെ ജി ഹാൾ** എ കെ ജി പഠനഗവേഷണ വകുപ്പിന്റെയും ചിന്തയുടെയും സംയുക്താഭിമുഖ്യത്തിൽ ‘നിർമിത ബുദ്ധി’ ചർച്ചയും വാരിക പ്രകാശനവും, വൈകിട്ട് നാലിന്
- **പാളയം മാർക്കറ്റ്** കെൽട്രോൺ എംപ്ലോയീസ് അസോസിയേഷൻ കൂട്ടായ്മ, വൈകിട്ട് അഞ്ചിന്
- **മാസ്കറ്റ് ഹോട്ടൽ സെനറ്റ് ഹാൾ** പ്രേംനസീർ സുഹൃത് സമിതി മാധ്യമപുരസ്കാര സമർപ്പണം, പി എസ് ശ്രീധരൻപിള്ള, രാവിലെ പത്തിന്
- **വെള്ളയമ്പലം അമ്യൂസിയം ആർട്ട് ഗ്യാലറി** കലാപ്രദർശനം, രാവിലെ 10.30 മുതൽ രാത്രി 11.30 വരെ
- **പൊലീസ് ആസ്ഥാനം** റൂറൽ ജില്ലകളിലെ സർവീസിലുള്ളതും വിരമിച്ചതുമായ പൊലീസ് ഉദ്യോഗസ്ഥർക്കായി ഡിജിപിയുടെ ഓൺലൈൻ അദാലത്ത്

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.00, 2.30, 6.15, 9.15, 11.59)

ശ്രീ
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

നിള
- പൊന്നിയിൻ സെൽവൻ 2 (T) (11.00)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 6.00, 9.30)

കലാഭവൻ
- പൊന്നിയിൻ സെൽവൻ 2 (11.00, 9.30)
- പാച്ചുവും അത്ഭുതവിളക്കും (2.30, 6.00)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 - 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- പൊന്നിയിൻ സെൽവൻ 2 (6.30, 10.00)
- അനുരാഗം (11.30, 2.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- EVIL DEAD RISE (10..30)
- KISI KI BHAI KISI KI JAAN (H) (12.45)
- നീലവെളിച്ചം (4.00, 7.15, 10.30)

ഓഡി 2
- മദനോത്സവം (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- യാനി മുഗുത്താൻ (12.15)
- അടി (2.45, 8.00)
- കായ്പോള (5.30)
- യാതിസായ് (10.45)

ഓഡി 4
- സുലേഖ മൻസിൽ (10.30)
- അയൽവാശി (1.00, 3.15, 8.30, 11.00)
- കഠിനകഠോരം (5.45)

ഓഡി 5
- നീലവെളിച്ചം (11.15)
- കഠിനകഠോരം (2.15, 10.15)
- KISI KI BHAI KISI KI JAAN (H) (5.00)
- EVIL DEAD RISE (8.00)

ഓഡി 6
- കഠിനകഠോരം (10.30)
- EVIL DEAD RISE (1.00, 5.30)
- സുലേഖാ മൻസിൽ (3.00, 7.45, 10.30)

മാലിന്യമുക്ത കേരളം: നാടാകെ ശുചീകരണം

അരുവിക്കരയിൽ ശുചീകരണ യജ്ഞം സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ എസ് സുനിൽകുമാർ

കുമാരപുരത്ത് ശുചീകരണ പ്രവർത്തനങ്ങൾ സിപിഐ എം ജില്ലാ കമ്മിറ്റി അംഗം എസ് പി ദീപക് ഉദ്ഘാടനം ചെയ്യുന്നു

പേരൂർക്കട ഏരിയയിൽ ഊന്നൻപാറ ഊരൂർക്കോണം കുളം ശുചീകരണം സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി ഡി മോഹനൻ ഉദ്ഘാടനംചെയ്യുന്നു

നരുവാമൂട് ലോക്കലിൽ മൊട്ടമൂട് ജങ്ഷനിൽ നടന്ന ശുചീകരണം സിപിഐ എം ജില്ലാ കമ്മിറ്റി അംഗം എം എം ബഷീർ ഉദ്ഘാടനം ചെയ്യുന്നു

ശ്രീകാര്യം മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പാങ്ങപ്പാറ ഹെൽത്ത് സെന്ററിൽ സിഐടിയു ജില്ലാ വൈസ് പ്രസിഡന്റ് അഡ്വ. ബി സത്യൻ ഉദ്ഘാടനംചെയ്യുന്നു

തിരുവനന്തപുരം

മാലിന്യമുക്ത കേരളത്തിനായി നാടാകെ ശുചീകരണ പ്രവർത്തനങ്ങൾ മുന്നേറുന്നു. ഞായറാഴ്ച സിഐടിയു നേതൃത്വത്തിൽ ജില്ലയിലെമ്പാടും ശുചീകരണം നടത്തി. പാളയം മാർക്കറ്റിൽ അഞ്ഞൂറിലേറെ തൊഴിലാളികളാണ് ശുചീകരണത്തിൽ പങ്കാളിയായത്. ജില്ലയിൽ പതിനായിരത്തിലേറെ തൊഴിലാളികളാണ് ആദ്യദിനം ശുചീകരണത്തിലേർപ്പെട്ടത്. സിഐടിയു കഴക്കൂട്ടം ഏരിയയിലെ വിവിധ ലോക്കൽ കമ്മിറ്റികളിൽ ശുചീകരണ പ്രവർത്തനം നടത്തി. ശ്രീകാര്യം മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പാങ്ങപ്പാറ ഹെൽത്ത് സെന്ററിൽ

കഴക്കൂട്ടം മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കഴക്കൂട്ടം മാർക്കറ്റിൽ നടന്ന ശുചീകരണ പ്രവർത്തനം സിഐടിയു ഏരിയ പ്രസിഡന്റ് എസ് എസ് ബിജു ഉദ്ഘാടനം ചെയ്തു. സിഐടിയു ജില്ലാ വൈസ് പ്രസിഡന്റ് അഡ്വ. ബി സത്യൻ ഉദ്ഘാടനംചെയ്തു. മേഖലാ പ്രസിഡന്റ് ബിജു കാര്യവട്ടം അധ്യക്ഷനായി. കുളത്തൂർ മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കുളത്തൂർ മാർക്കറ്റിൽ നടന്ന ശുചീകരണപ്രവർത്തനം സിപിഐ എം കഴക്കൂട്ടം ഏരിയ കമ്മിറ്റിയംഗം മേടയിൽ വിക്രമൻ ഉദ്ഘാടനംചെയ്തു .

ആറ്റിപ്ര മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർക്കറ്റിൽ നടന്ന ശുചീകരണപ്രവർത്തനം

ഹെഡ് ലോഡ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി വി സുരേഷ് ബാബു ഉദ്ഘാടനംചെയ്തു.

കോവളം ഏരിയയിലെ വിവിധ പ്രദേശങ്ങൾ ശുചീകരിച്ചു. കാഞ്ഞിരംകുളത്ത് സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം പി രാജേന്ദ്രകുമാർ ഉദ്ഘാടനം ചെയ്തു. കെ കെ വിജയൻ അധ്യക്ഷനായി. കോട്ടുകാലിൽ പഞ്ചായത്ത് പ്രസിഡന്റ് ജെറോംദാസ് ഉദ്ഘാടനം ചെയ്തു. സിപിഐ എം ഏരിയ കമ്മിറ്റി അംഗം കെ എസ് സജി അധ്യക്ഷനായി. വിഴിഞ്ഞത്ത് സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി പി എസ് ഹരികുമാർ ഉദ്ഘാടനം ചെയ്തു. വെങ്ങാനൂരിൽ സിഐടിയു ജില്ലാ കമ്മിറ്റി അംഗം ബി ബാബു ഉദ്ഘാടനം ചെയ്തു. ബിജു അധ്യക്ഷനായി. തിരുവല്ലം ഈസ്റ്റിൽ പി എസ് ഹരികുമാർ ഉദ്ഘാടനം ചെയ്തു. കരുംകുളത്ത് പി രാജേന്ദ്രകുമാർ ഉദ്ഘാടനം ചെയ്തു. കോവളത്ത് സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി എ ജെ സുക്കാർണോ ഉദ്ഘാടനം ചെയ്തു.

വഞ്ചിയൂർ

മാലിന്യമുക്ത കേരളാ ക്യാമ്പയിനിന്റെ ഭാഗമായി സിപിഐ എം കുമാരപുരം ലോക്കൽ കമ്മിറ്റി ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ജില്ലാ കമ്മിറ്റി അംഗം എസ് പി ദീപക് ഉദ്ഘാടനം ചെയ്തു. ടൈറ്റാനിയം ലോക്കൽ കമ്മിറ്റിയിലെ ശുചീകരണ പ്രവർത്തനങ്ങൾ ഏരിയ കമ്മിറ്റിയംഗം ഡി ആർ അനിൽ ഉദ്ഘാടനം ചെയ്തു.

മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സിഐടിയു പേരൂർക്കട ഏരിയയിലെ മേഖലാ കേന്ദ്രങ്ങളിൽ ശുചീകരണ ക്യാമ്പയിൻ നടത്തി.

ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഊരൂർക്കോണം കുളം ശുചീകരിച്ചു. സിഐടിയുജില്ലാ ജോയിന്റ് സെക്രട്ടറി ഡി മോഹനൻ ഉദ്ഘാടനംചെയ്തു.

നേമം

സിപിഐ എം നേതൃത്വത്തിൽ നേമം ഏരിയയിലെ വിവിധ ലോക്കൽ കേന്ദ്രങ്ങളിൽ മഴക്കാലപൂർവ ശുചീകരണം സംഘടിപ്പിച്ചു. നരുവാമൂട് ലോക്കലിൽ മൊട്ടമൂട് ജങ്ഷനിൽ നടന്ന ശുചീകരണം ജില്ലാ കമ്മിറ്റി അംഗം എം എം ബഷീർ ഉദ്ഘാടനംചെയ്തു. ലോക്കൽ സെക്രട്ടറി എസ് കൃഷ്ണൻ നേതൃത്വം നല്കി. ബാലരാമപുരം നോർത്ത് ലോക്കലിൽ ബാലരാമപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നടന്ന ശുചീകരണം ഏരിയ കമ്മിറ്റി അംഗം എ പ്രതാപചന്ദ്രൻ ഉദ്ഘാടനംചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ, ലോക്കൽ സെക്രട്ടറി എം എച്ച് സാദ്ദിഖ് അലി എന്നിവർ നേതൃത്വം നല്കി. നേമം ലോക്കലിൽ ശാന്തിവിള ആശുപത്രിയിൽ നടന്ന ശുചീകരണം ആശുപത്രി സൂപ്രണ്ട് ഡോ. ശിവകുമാർ ഉദ്ഘാടനം ചെയ്തു. ഏരിയ കമ്മിറ്റി അംഗം ആർ പ്രദീപ്കുമാർ, ലോക്കൽ സെക്രട്ടറി വി എസ് ഷാജി എന്നിവർ നേതൃത്വം നല്കി. പാപ്പനംകോട് ലോക്കലിൽ പാപ്പനംകോട് ജങ്ഷൻ ശുചീകരിച്ചു.

സിഐടിയു നേമം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ മഴക്കാലപൂർവ ശുചീകരണം നടത്തി. ബാലരാമപുരം മാർക്കറ്റിൽ കൈത്തറി തൊഴിലാളി കൗൺസിൽ സംസ്ഥാന പ്രസിഡന്റ് പറക്കുഴി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ബാലരാമപുരം നോർത്തിൽ തേമ്പാമുട്ടം സ്കൂളിൽ എസ് രാധാകൃഷ്ണനും പൂങ്കോട് സ്കൂളിൽ ടി മല്ലികയും ശാന്തിവിള ആശുപത്രിയിൽ ആർ പ്രദീപ്കുമാറും പാപ്പനംകോട്ട് കെ പ്രസാദും കൈമനത്ത് നീറമൺകര വിജയനും കല്ലിയൂരിൽ എസ് ആർ ശ്രീരാജും ശുചീകരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

വിളപ്പിൽ

വിളപ്പിൽ ഏരിയയിലെ വിവിധ പ്രദേശങ്ങളിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. അരുവിക്കര ഡാം സൈറ്റിൽ നടന്ന ശുചീകരണ യജ്ഞം സിപിഐ എം തിരുവനന്തപുരം ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ചെറിയകൊണ്ണിയിൽ കാച്ചാണി മാർക്കറ്റ് ശുചീകരിച്ചു. ഏരിയ കമ്മിറ്റി അംഗം ഷാജു ഉദ്ഘാടനം ചെയ്തു. വെള്ളനാട് ചെറുകുളം മാർക്കറ്റും നഴ്സറി സ്കൂളും ശുചീകരിച്ചു. ഏരിയ കമ്മിറ്റി അംഗം എം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. വിളപ്പിൽശാലയിൽ ഇരട്ടക്കുളം ശുചീകരണം ഐ ബി സതീഷ് എംഎൽഎ ഉദ്ഘാടനം ചെയ്തു. പേയാട് ബിഎസ്എൻഎൽ ഓഫീസ് പരിസരം ശുചീകരണം സിപിഐ എം വിളപ്പിൽ ഏരിയ സെക്രട്ടറി ആർ പി ശിവജി ഉദ്ഘാടനം ചെയ്തു. മലയിൻകീഴിൽ ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ജി എൽ അരുൺ ഗോപി ഉദ്ഘാടനം ചെയ്തു. വിളവൂർക്കലിൽ വിളവൂർക്കൽ മാർക്കറ്റ് ശുചീകരണം ഏരിയ കമ്മിറ്റി അംഗം സജിനകുമാർ ഉദ്ഘാടനം ചെയ്തു. പെരുകാവിൽ സിപിഐ എം വിളപ്പിൽ ഏരിയ സെക്രട്ടറി ആർ പി ശിവജി ഉദ്ഘാടനം ചെയ്തു.

മോളിക്കും മക്കൾക്കും അന്തിയുറങ്ങാൻ സിപിഐ എമ്മിന്റെ സ്നേഹവീട് ഒരുങ്ങുന്നു

മോളിക്ക് സിപിഐ എം മെഡിക്കൽ കോളേജ് ലോക്കൽ കമ്മിറ്റി നിർമിച്ചുനൽകുന്ന വീടിന്റെ കല്ലിടൽ കടകംപള്ളി സുരേന്ദ്രൻ എംഎൽഎ നിർവഹിക്കുന്നു

തിരുവനന്തപുരം

മോളിയുടെയും കുടുംബത്തിന്റെയും വീടെന്ന സ്വപ്നത്തിന് കൈത്താങ്ങായി സിപിഐ എം മെഡിക്കൽ കോളേജ് ലോക്കൽ കമ്മിറ്റി. മോളിയുടെ ഭർത്താവ് ബാബുവിന്റെ മരണത്തോടെ പറക്കമുറ്റാത്ത മൂന്ന് ആൺകുട്ടികളുമായി ഭാവിജീവിതത്തെക്കുറിച്ച് ആശങ്കയോടെ കഴിയുമ്പോഴും എങ്ങനെയും അടച്ചുറപ്പുള്ള ഒരു മുറിയെങ്കിലും പണിയണമെന്നതായിരുന്നു മോളിയുടെ സ്വപ്നം. ക്യാന്റീൻ ജീവനക്കാരിയായ മോളിക്ക് കിട്ടുന്ന തുച്ഛമായ വരുമാനം വീട്ടുചെലവിനുപോലും തികയുന്നില്ല. നഷ്ടസ്വപ്നങ്ങളിൽ നിരാശയോടെ കഴിയുമ്പോഴാണ് സിപിഐ എം മെഡിക്കൽ കോളേജ് ലോക്കൽ കമ്മിറ്റി മോളിക്ക് കൈത്താങ്ങായി എത്തിയത്. ‘സ്നേഹവീട്’ എന്ന ഭവന നിർമാണ പദ്ധതിപ്രകാരം മോളിയുടെ വീടു നിർമാണം സിപിഐ എം മെഡിക്കൽ കോളേജ് ലോക്കൽ കമ്മിറ്റി ഏറ്റെടുക്കുകയായിരുന്നു.

നടപടിക്രമങ്ങൾ പൂർത്തിയാക്കി മെഡിക്കൽ കോളേജ് ഹയർ സെക്കൻഡറി സ്കൂളിനു സമീപം മോളിക്ക് നിർമിച്ചുനൽകുന്ന വീടിന്റെ കല്ലിടൽ ഞായർ രാവിലെ കടകംപള്ളി സുരേന്ദ്രൻ എംഎൽഎ നിർവഹിച്ചു. സിപിഐ എം വഞ്ചിയൂർ ഏരിയ സെക്രട്ടറി സി ലെനിൻ, ജില്ലാ കമ്മിറ്റി അംഗങ്ങളായ വി എസ് പദ്മകുമാർ, എസ് പി ദീപക്, വാർഡ് കൗൺസിലർ ഡി ആർ അനിൽ, ഏരിയ കമ്മിറ്റി അംഗം വി വിനീത്, ലോക്കൽ സെക്രട്ടറി എസ് എസ് മനോജ് എന്നിവർ പങ്കെടുത്തു. സ്നേഹവീട് പദ്ധതിപ്രകാരം രണ്ട് വീടാണ് മെഡിക്കൽ കോളേജ് ലോക്കൽ കമ്മിറ്റി നിർമിക്കുന്നത്.

കോർപറേഷൻ നന്മ സ്കോളർഷിപ്: ലഭിച്ചത് അർഹതപ്പെട്ടവർക്ക്

സ്വന്തം ലേഖിക

തിരുവനന്തപുരം

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള നന്മ സ്കോളർഷിപ് നൽകിയത് അർഹർക്കെന്ന് കോർപറേഷൻ. സ്കോളർഷിപ് തുക ചിലർക്ക് പട്ടികയിലുള്ള അക്കൗണ്ട് നമ്പരിലല്ല നൽകിയതെന്നാണ് സംസ്ഥാന ഓഡിറ്റ് വിഭാഗം ഉന്നയിച്ചത്. പലരും അപേക്ഷിച്ചപ്പോൾ നൽകിയ അക്കൗണ്ട് നമ്പർ പിന്നീട് മാറ്റിയതാണ് ഇതിന് കാരണം. ഗുണഭോക്താക്കളെ കോർപറേഷൻ നേരിട്ടല്ല കണ്ടെത്തുന്നത്. സ്കൂളുകളിൽനിന്ന് ലഭിക്കുന്ന പട്ടികയനുസരിച്ചാണ് വിതരണം. കുട്ടി സ്കൂൾ മാറിയതിനാൽ രണ്ടുതവണ കോർപറേഷനിലേക്ക് അപേക്ഷയെത്തിയിട്ടുണ്ട്. സ്കൂൾ വിലാസത്തിലെ മാറ്റം കാരണം ആവർത്തനം ശ്രദ്ധിക്കപ്പെട്ടില്ല. മുൻവർഷം പണം കിട്ടാത്ത 150 പേർക്കും കോർപറേഷൻ പണം നൽകിയതും ഈ സാമ്പത്തിക വർഷത്തിലെ കണക്കിലാണ് ഉൾപ്പെടുത്തിയത്. എന്നാൽ, ഇതിൽ വകുപ്പുതല അന്വേഷണമാണ് ഓഡിറ്റ് വിഭാഗം ശുപാർശ ചെയ്തത്.

ഭിന്നശേഷി, വയോജന മേഖലകളിലെ കോർപറേഷന്റെപ്രവർത്തനങ്ങളെ ഇകഴ്ത്താനാണ് ഒരുവിഭാഗം മാധ്യമങ്ങളുടെ ശ്രമം. ഓഡിറ്റ് റിപ്പോർട്ടിലെ വിഷയങ്ങളിൽ വ്യക്തത വരുത്താനുള്ള സമയം ഓഡിറ്റ് വകുപ്പ് കോർപറേഷന് നൽകിയിട്ടുണ്ട്.

നാൽപ്പതാണ്ടിന്റെ നിറവിൽ സമ്മർ സ്കൂൾ

സെൻട്രൽ ലൈബ്രറിയിൽ സംഘടിപ്പിച്ച സമ്മർ സ്കൂൾ

തിരുവനന്തപുരം

അവധിക്കാലത്ത് കുട്ടികൾക്ക് വിനോദത്തിന്റെ മധുരം നൽകി നാൽപ്പതാണ്ട് പിന്നിടുകയാണ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി. 1980കളിൽ കഥാവായനയും കുട്ടികളുടെ മത്സരങ്ങളും ക്ലാസ്സുകളുമായി സജീവമായ വേനൽക്കൂട്ടായ്മയാണ് 1984ൽ സമ്മർ സ്കൂളായി രൂപപ്പെടുന്നത്. കേരളത്തിലൊരിടത്തും കുട്ടികളുടെ വേനൽക്കാല ഉത്സവം എന്ന ആശയം രൂപപ്പെടാത്ത കാലത്താണ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി കുട്ടികളിൽനിന്ന് ചെറിയ പ്രവേശന ഫീസുമാത്രം വാങ്ങി പുതുസംരംഭമായി സമ്മർ സ്കൂൾ തുടങ്ങുന്നത്.

പ്രമുഖരുമായിട്ടുള്ള മുഖാമുഖങ്ങളും സംവാദസദസുകളും കളികളുമൊക്കെയാണ് സമ്മർ സ്കൂളിൽ ഒരുക്കിയിരിക്കുന്നത്. ശാസ്ത്രലോകത്തെ കണ്ടെത്തലുകൾ, സിനിമയെ അടുത്തറിയൽ, പുതിയ സാമൂഹിക ശാസ്ത്ര മേഖലകൾ മനസ്സിലാക്കുക എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങൾ കുട്ടികൾക്കായി സമ്മർ സ്കൂളിൽ അവതരിപ്പിക്കുന്നുണ്ട്. ഇത്തവണത്തെ സമ്മർ സ്കൂൾ ഏപ്രിൽ 12നാണ് ആരംഭിച്ചത്. 12 വരെ നീളുന്ന 37 സെഷനുകളുണ്ട്.

നിലാവ് സാംസ്കാരിക വേദിക്ക് ഒമ്പതാം വാർഷികം

തിരുവനന്തപുരം

നിലാവ് സാംസ്കാരികവേദിയുടെ ഒമ്പതാം വാർഷികത്തോടനുബന്ധിച്ച് നടന്ന സാംസ്കാരിക സമ്മേളനം മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. സാംസ്കാരികവേദി ചെയർമാൻ പൂവച്ചൽ സുധീർ അധ്യക്ഷനായി. കലാ, സാംസ്കാരിക, മാധ്യമ രംഗത്തെ പ്രമുഖരെ മന്ത്രി ആദരിച്ചു.

അഡീഷണൽ അഡ്വക്കറ്റ് ജനറൽ കെ പി ജയചന്ദ്രൻ, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ വിളപ്പിൽ രാധാകൃഷ്ണൻ, വികലാംഗ ക്ഷേമ കോർപറേഷൻ ചെയർപേഴ്സൺ ജയാഡാളി തുടങ്ങിയവർ സംസാരിച്ചു.

വാർഷികം

തിരുവനന്തപുരം

ശാസ്തമംഗലം നന്മ ചാരിറ്റബിൾ സൊസൈറ്റി വാർഷികം നന്മ ഓഡിറ്റോറിയത്തിൽ കൗൺസിലർ മധുസൂദനൻ നായർ ഉദ്ഘാടനംചെയ്തു. എം ബി തങ്കമണിയമ്മ അധ്യക്ഷയായി. അഞ്ചു പേർക്ക് ചികിത്സാ സഹായം നൽകി. ‘കൈത്തിരി’ കൈയെഴുത്ത് മാസിക പ്രകാശിപ്പിച്ചു.

കലാപരിപാടികളും അരങ്ങേറി. ഭാരവാഹികൾ: എസ് അനിൽകുമാർ (പ്രസിഡന്റ്), വി അനിൽകുമാർ, ആർ രഘു (വൈസ് പ്രസിഡന്റുമാർ), എസ് രാമൻകുട്ടി (ജനറൽ സെക്രട്ടറി), ബിജുക്കുട്ടൻ, സീമ (ജോയിന്റ് സെക്രട്ടറിമാർ), എം വി തങ്കമണിയമ്മ (ട്രഷറർ).

എൻഎഫ്പിഇ അംഗീകാരം പുനഃസ്ഥാപിക്കണം

എൻഎഫ്പിഇ തിരുവനന്തപുരം സൗത്ത് ഡിവിഷൻ സമ്മേളനം വി കെ പ്രശാന്ത് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം

എൻഎഫ്പിഇയുടെ അംഗീകാരം പുനഃസ്ഥാപിക്കണമെന്ന് നാഷണൽ ഫെഡറേഷൻ ഓഫ് പോസ്റ്റൽ എംപ്ലോയീസ് തിരുവനന്തപുരം സൗത്ത് ഡിവിഷണൽ സമ്മേളനം ആവശ്യപ്പെട്ടു. വി കെ പ്രശാന്ത് എംഎൽഎ ഉദ്ഘാടനംചെയ്തു.

എ പ്രകാശൻ അധ്യക്ഷനായി. പി കെ മുരളീധരൻ, എ ബി ലാൽകുമാർ, വിനോദ്കുമാർ, എസ് ബാബു, എസ് രാജീവ് എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: എഐപിഇയു ഗ്രൂപ്പ് സി യൂണിയൻ– കെ കെ അജിത്കുമാർ (പ്രസിഡന്റ്), എസ് രാജീവ് (സെക്രട്ടറി). പോസ്റ്റ്മാൻ/എംടിഎസ് യൂണിയൻ– എസ് മണിക്കുട്ടൻ (പ്രസിഡന്റ്), എ സതീഷ്കുമാർ (സെക്രട്ടറി), ഇഡിഎസ് യൂണിയൻ– അഖിൽ (പ്രസിഡന്റ്), ആർ ശരത് (സെക്രട്ടറി).

ശ്രീകരുണാകരഗുരുവിന്റെ മാനവികദർശനം മാതൃക: മന്ത്രി

ശാന്തിഗിരി ആശ്രമത്തിൽ ഇരുപത്തിനാലാമത് നവഒലി ജ്യോതിർദിനം ആഘോഷങ്ങളുടെ സമർപ്പണത്തോടനുബന്ധിച്ച് നടന്ന സമ്മേളനം മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യുന്നു

മംഗലപുരം

കലുഷിതമായ സാമൂഹ്യസാഹചര്യങ്ങളിൽ ലോകത്തിന് വഴികാട്ടിയാകുന്നത് നവജ്യോതി ശ്രീ കരുണാകര ഗുരുവിനെപ്പോലുള്ള നവോത്ഥാന ഗുരുക്കൻമാരുടെ മാനവിക ദർശനങ്ങളാണെന്ന് മന്ത്രി ജി ആർ അനിൽ പറഞ്ഞു. ശാന്തിഗിരി ആശ്രമത്തിൽ ഇരുപത്തിനാലാമത് നവഒലി ജ്യോതിർദിനം ആഘോഷങ്ങളുടെ സമർപ്പണത്തോടനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സമൂഹത്തിൽ സാഹോദര്യവും സമത്വവും സാമൂഹ്യനീതിയും അഭിവൃദ്ധിപ്പെടുത്താൻ ഗുരു നടത്തിയ പ്രവർത്തനങ്ങൾ എക്കാലവും ഓർക്കും. മനുഷ്യനെ ഒന്നായി കാണാനും മാനുഷിക ഐക്യവും ഉന്നമനവും സാഹോദര്യവും സ്നേഹവുമാണ് വലുതെന്ന് തലമുറകളെ മനസ്സിലാക്കിക്കാനും ശ്രദ്ധാപൂർവമായ ഇടപെടലാണ് ഗുരു നടത്തിയതെന്ന് മന്ത്രി പറഞ്ഞു.

ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അധ്യക്ഷനായി. ഉപദേശക സമിതി പേട്രൺ എ ജയപ്രകാശ്, എം പി പ്രമോദ്, ഡി മനോജ്, ബ്രഹ്മചാരിണി വന്ദിത ബാബു എന്നിവർ സംസാരിച്ചു.

ജനമൈത്രി യോഗം

തിരുവനന്തപുരം

കവടിയാർ ഭഗവതി നഗർ റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ ചേർന്ന മ്യൂസിയം പൊലീസ് സ്റ്റേഷന്റെ ജനമൈത്രി യോഗം എസ് എസ് സന്ദീപ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അനിരുദ്ധൻ നിലമേൽ അധ്യക്ഷനായി. എസ്ഐഎ ഷാജഹാൻ, അസോസിയേഷൻ പ്രസിഡന്റ് ദാസ്സയ്യൻ നാടാർ, സെക്രട്ടറി ശിവശങ്കരൻ നായർ, ജോയിന്റ് സെക്രട്ടറി പ്രഭാകരൻ, കൗൺസിലർമാരായ സതി കുമാരി, ഷീജ മധു, മ്യൂസിയം ബീറ്റ് ഓഫീസർമാരായ ബിജു, സുജിത്, വാട്ടർ അതോറിറ്റി എഇമാരായ രോഹിത്, ഭാവിത്, കെആർഎഫ് എ ഇ വിജേഷ്, സ്വീവറേജ് എ ഇ വിജയകുമാർ, ട്രാഫിക് എസ്ഐ മധു എന്നിവർ സംസാരിച്ചു. സ്ഥലം മാറി പോകുന്ന എസ്ഐ ഷാജഹാനെ ആദരിച്ചു.

ചാനൽ സിനിമ

കൈരളി

6.30	ജന്നാ
9.00	അമ്മ അമ്മായി അമ്മ
12.00	ബിഗ് ഒക്ടോപസ്
4.00	പൂജൈ
10.00	കൊച്ചി രാജാവ്

വി

7.00	നാടോടിക്കാറ്റ്
10.00	പികെ
3.00	മൈഡിയർ കരടി
6.00	അമ്പിളി
9.00	പെരുവണ്ണാപുരത്തെ വിശേഷങ്ങൾ

ഏഷ്യാനെറ്റ് മൂവീസ്

7.00	പുള്ളിപ്പുലികളും ആട്ടിൻകുട്ടിയും
10.00	മായാമോഹിനി
1.00	ഒരു യമണ്ടൻ പ്രേമകഥ
4.00	ഇൻ ഗോസ്റ്റ് ഹൗസ് ഇൻ
7.00	റിങ്മാസ്റ്റർ
10.30	സർക്കാർ കോളനി

സൂര്യ

8.30	വരൻ
2.30	മാടമ്പി

സൂര്യ മൂവീസ്

7.00	സിനിമാ കമ്പനി
10.00	ആകസ്മികം
1.00	ഷിടാക്കി
4.00	യൂ ടൂ ബ്രൂട്ടസ്
7.00	അങ്കിൾ
10.00	ആര്യ 2

അങ്കണവാടി വർക്കർ, ഹെൽപ്പർ ഒഴിവ്

വർക്കല

ഐസിഡിഎസ് വർക്കല അഡീഷണൽ ഓഫീസ് പരിധിയിലുള്ള വർക്കല മുനിസിപ്പാലിറ്റി അങ്കണവാടിയിൽ വർക്കർ, ഹെൽപ്പർ ഒഴിവുകളിലേക്ക് മുനിസിപ്പാലിറ്റിയിലെ സ്ഥിരതാമസക്കാരായ വനിതകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു.

വർക്കർ തസ്തികയിൽ പത്താം ക്ലാസാണ് യോഗ്യത. എഴുത്തും വായനയും അറിയാവുന്ന പത്താം ക്ലാസ് വിജയിക്കാത്തവർക്ക് ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജാതി എന്നീ സർട്ടിഫിക്കറ്റുകളുടെ പകർപ്പും താൽക്കാലികമായി ജോലി ചെയ്തിട്ടുണ്ടെങ്കിൽ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റും ഹാജരാക്കണമെന്ന് ശിശുവികസന പദ്ധതി ഓഫീസർ അറിയിച്ചു. 25 വരെ അപേക്ഷിക്കാം. അപേക്ഷയുടെ മാതൃകയ്ക്കും വിശദ വിവരങ്ങൾക്കും ഐസിഡിഎസ് വർക്കല അഡീഷണൽ ഓഫീസുമായി ബന്ധപ്പെടണം.

സ്വാഗതസംഘം ഓഫീസ് തുറന്നു

വെഞ്ഞാറമൂട്

വ്യാപാരി വ്യവസായി സമിതി ജില്ലാ സമ്മേളനം 18ന് പിരപ്പൻകോട് റോയൽ കൺവൻഷൻ സെന്ററിൽ നടക്കും. സ്വാഗതസംഘം ഓഫീസ് കെ ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

സഹോദരന്റെ ഭാര്യയെ ഉപദ്രവിച്ചയാൾ അറസ്റ്റിൽ

അമീൻ അൻസാരി

തിരുവനന്തപുരം

ഇടപ്പഴിഞ്ഞിയിൽ സലൂണിലെ ജീവനക്കാരിയും സഹോദരന്റെ ഭാര്യയുമായ സ്ത്രീയെ ഉപദ്രവിച്ച ഉടമ അറസ്റ്റിൽ. അസം തെസ്പുർ സ്വദേശി അമീൻ അൻസാരിയെയാണ് മ്യൂസിയം പൊലീസ് അറസ്റ്റ് ചെയ്തത്. ഇടപ്പഴിഞ്ഞി സിഎസ്എം നഗറിലാണ് ഇയാൾ താമസിക്കുന്നത്.

പോൾ സുധാകരൻ അനുസ്മരണം സംഘടിപ്പിച്ചു

കാട്ടാക്കട

പുരോഗമന കലാസാഹിത്യ സംഘം കാട്ടാക്കട മേഖലാ കമ്മിറ്റി പോൾ സുധാകരൻ അനുസ്മരണവും നാടകപ്രവർത്തകരുടെ കൂട്ടായ്മയും സംഘടിപ്പിച്ചു. ഒരു നാടക കാലത്തിന്റെ ഓർമയ്ക്ക് എന്ന പരിപാടി സിനിമാ നടി ഗായത്രി ഉദ്ഘാടനം ചെയ്തു. ജില്ലാ ജോയിന്റ് സെക്രട്ടറി എസ് രാഹുൽ അധ്യക്ഷനായി. മേഖലാ വൈസ് പ്രസിഡന്റ് പി എസ് പ്രഷീദ് അനുസ്മരണ പ്രഭാഷണം നടത്തി.

കാട്ടാക്കടയുടെ തിയറ്റർ രംഗത്തെ പ്രതിഭകളായ കള്ളിക്കാട് ശശി, മുതിയാവിള വിജയൻ, സുരേഷ് മുതിയാവിള, ശിവൻ ഭാവന, മുതിയാവിള സുരേന്ദ്രൻ, ശ്രീകുമാർ ആമച്ചൽ, ഗിരീഷ് അമ്പാടി, എ അനന്തലക്ഷ്മി, ശിവജിത് ശിവൻ എന്നിവർക്ക് സ്നേഹോപഹാരം നൽകി. മേഖലാ പ്രസിഡന്റ് കെ ഉപേന്ദ്രൻ, എ ഐ പ്രസന്നകുമാരി, മേഖലാ സെക്രട്ടറി മംഗലയ്ക്കൽ ശശി, ട്രഷറർ കാട്ടാക്കട രാമചന്ദ്രൻ എന്നിവർ സംസാരിച്ചു.